Santhigiri

# ഉമ്മിണിതങ്കം

VOL 03 | ISSUE 28 | 2017 ജൂലൈ 16 | 1192 മിഥുനം 32

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org

തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"നമുക്ക് ജീവിതംകൊണ്ട് ധാരാളം അബദ്ധങ്ങൾ പറ്റിയിട്ടുണ്ട്. ഇതിനെ നിവർത്തിച്ചെടുക്കാൻ നമ്മൾ പരിശ്രമിക്കണം. അതു കുട്ടികളിൽ കൂടി വരുത്തണം. അതിലേക്കു നയിക്കുന്ന ധർമബോധമാണ് ആദ്യമായി നമുക്കു വേണ്ടത്. "

# സഫലമീ ജീവിതം

## പ്രണാമങ്ങളോടെ ശാന്തിഗിരി പരമ്പരയും പോത്തൻകോട് നിവാസികളും

**സ്പിരിച്വൽ സോൺ:** ഗുരുധർമ്മപ്രകാശ സഭയിലെ മുതിർന്ന സന്യാസിനിയായ സർവാദരണീയ ജനനി വിമല ജ്ഞാനതപസ്വിനി (55) ജൂലൈ 14 വെള്ളിയാഴ്ച ഗുരുജ്യോതിയിൽ ലയിച്ചു. ഉച്ചതിരിഞ്ഞ് 3.30 ന് വെഞ്ഞാറമൂട് ശ്രീഗോകുലം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ വച്ചായിരുന്നു അന്ത്യം. കുറച്ചുനാളുകളായി അസുഖബാധിതയായിരുന്നു. വിമല ജനനിയുടെ സംസ്കാര കർമ്മങ്ങൾ ശാന്തിഗിരി വിദ്യാഭവൻ ഹയർസെക്കൻഡറി സ്കൂളിനോടു ചേർന്നുള്ള ഫ്ളവർ ഗാർഡനിലെ പ്രത്യേകം തയ്യാറാക്കിയ സ്ഥലത്ത് പ്രാർത്ഥനാപൂർവ്വം രാത്രി ഒൻപത് മണിയോടെ നടന്നു. സന്ന്യാസിസന്ന്യാസിനിമാർ, ആത്മബന്ധുക്കൾ, തദ്ദേശവാസികൾ, ജനനിയുടെ ബന്ധുമിത്രാദികൾ തുടങ്ങിയവരുടെ സാന്നിധ്യത്തിലാണ് ചടങ്ങുകൾ നടന്നത്.

1984 ഒക്ടോബർ നാലിന് വിജയദശമി ദിവസം ഗുരു ആദ്യമായി സന്ന്യാസദീക്ഷ നല്കിയ 31 പേരിൽ ഒരാളാണ് സർവ്വാദരണീയ ജനനി വിമല ജ്ഞാനതപസ്വിനി. ആശ്രമപരിസരത്തു തന്നെ ജനിച്ചു വളർന്ന ജനനി ചെറിയ പ്രായം മുതൽ ആശ്രമത്തിലെ വിവിധങ്ങളായ കർമ്മങ്ങളിൽ ഏർപ്പെട്ടു പ്രവർത്തിച്ച ആളാണ്.

നെല്ലിക്കാട് വേമോടുവിളാകത്ത് വീട്ടിൽ ദിവംഗതനായ കെ. ദാമോദരപണിക്കരുടെയും ബി. ഭവാനിയുടെയും മകളായി 1962 ഏപ്രിൽ 4 നാണ് ജനനം. പൂർവാശ്രമത്തിലെ പേര് ശ്യാമള എന്നായിരുന്നു. പോത്തൻകോട് യു.പി.സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടി. 1964 ൽ ഗുരു, വർക്കലയിൽ നിന്നും പോത്തൻകോട് എത്തിയപ്പോൾ മുതൽ ഗുരുവുമായി അടുത്ത് ഇടപെടുന്നതിന് ഭാഗ്യം ലഭിച്ച പ്രദേശത്തെ ചുരുക്കം ചില വീട്ടുകാരിൽ ഒന്നായിരുന്നു ജനനിയുടേത്. തന്റെ ജ്യേഷ്ഠസഹോദരനോടൊപ്പം (സർവാദരണീയ സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി) പതിവായി ആശ്രമത്തിലെത്തിയിരുന്ന ജനനി ചെറുപ്പം മുതലേ തന്നെ ആശ്രമകർമ്മങ്ങൾ ചെയ്യുന്നതിന് താല്പര്യം പുലർത്തിപ്പോന്നു.

സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഗുരുവിന്റെ അനുമതിയോടെ സ്ഥിരമായി ആശ്രമകർമ്മങ്ങളിൽ ഏർപ്പെട്ടു പ്രവർത്തിക്കാൻ തുടങ്ങി. ശാന്തിഗിരി വിദ്യാഭവന്റെ തുടക്കകാലത്ത് ഹോസ്റ്റലിൽ നിൽക്കുന്ന കുട്ടികളുടെ കാര്യങ്ങൾ നോക്കി. പിന്നീട് സന്ന്യാസദീക്ഷ സ്വീകരിച്ചതിനുശേഷം ആശ്രമം അടുക്കളയുടെ ചുമതലയും ഏറെ നാൾ ജനനി നിർവഹിച്ചിരുന്നു. സന്ന്യാസദീക്ഷാവ്രത സമയത്തുള്ള ഭക്ഷണവിതരണത്തിന്റെ കോഡിനേഷൻ ചുമതലയും ഉണ്ടായിരുന്നു.



ജനനി വിമല ജ്ഞാനതപസ്വിനി

2008 ൽ ആശ്രമത്തിൽ സെൻട്രലൈസേഷൻ നിലവിൽ വന്നതിനുശേഷം ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം ഹെഡ് ആയി സേവനം അനുഷ്ഠിച്ചു പോന്നു. ഗൃഹസ്ഥാശ്രമസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും നിരവധി കുടുംബങ്ങളെ ഇതിലേക്ക് അടുപ്പിക്കുന്നതിനും ജനനി നടത്തിയ ശ്രമങ്ങൾ എടുത്തു പറയേണ്ടതാണ്.

തുടർന്ന് ഏറെ നാൾ ആർട്സ് ആന്റ് കൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ ചുമതലയും വഹിക്കുകയുണ്ടായി. നിലവിൽ ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിന്റെ ഹെഡ് ആയി സേവനം അനുഷ്ഠിച്ചുവരികയായിരുന്നു.

2017 നവഒലി ജ്യോതിർദിനത്തോട് അനുബന്ധിച്ച് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം സംഘടിപ്പിച്ച സത്സംഗങ്ങളിൽ മുഖ്യപ്രഭാഷണം നടത്തുന്നതിനായി തന്റെ ശാരീരിക അവശതകൾക്കിടയിലും വിമല ജനനി എത്തിയിരുന്നത് ആത്മബന്ധുക്കളുടെ മനസിലെ മായാത്ത ഓർമ്മയാണ്.

സർവാദരണീയ സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി ജനനിയുടെ ജ്യേഷ്ഠ സഹോദരനാണ്. മറ്റ് സഹോദരങ്ങൾ: ഡി. സുകുമാരൻ, ഡി. സോമൻ, ഡി. ശാന്തകുമാർ, ഡി. വാസന്തി, ഡി. ശകുന്തള.

വൈകുന്നേരം അഞ്ചരയോടെ പൊതുദർശനത്തിനെത്തിച്ച ഭൗതികശരീരത്തിൽ ഡി.കെ. മുരളി എംഎൽഎ, മുൻ ഡെപ്യൂട്ടി സ്പീക്കർ പാലോട് രവി, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുജാത, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ, വ്യാപാരി വ്യവസായ പ്രതിനിധികൾ, നാട്ടുകാർ തുടങ്ങിയവർ ആദരാഞ്ജലികൾ അർപ്പിച്ചു. നിരവധി പ്രമുഖർ ഫോണിലൂടെയും മറ്റും അനുശോചനം അറിയിക്കുകയുണ്ടായി. ആത്മബന്ധുക്കളും നാട്ടുകാരും പുഷ്പസമർപ്പണം നടത്തി.

രാത്രി 9 മണിയോടെ നടന്ന സംസ്കാരകർമ്മങ്ങൾക്ക് ആശ്രമം പ്രസിഡന്റ് സർവാദരണീയ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, ജനറൽ സെക്രട്ടറി സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവർ നേതൃത്വം നല്കി. ആശ്രമം ബ്രാഞ്ചുകളിൽ നിന്നുൾപ്പെടെ സന്ന്യാസിമാരുടെയും ആയിരക്കണക്കിന് ആത്മബന്ധുക്കളുടെയും സാന്നിധ്യത്തിൽ ആണ് കർമ്മങ്ങൾ നടന്നത്.




*സന്ന്യാസിമാരുടെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനാചടങ്ങ്*

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

ഇത് ദൈവം നമ്മുടെ ഇച്ഛയ്ക്കുവേണ്ടി തന്നതല്ല. ദൈവേച്ഛ നടപ്പിലാക്കാൻ വേണ്ടി നമ്മളെ പിണിയാളുകളാക്കി മാറ്റിയിരിക്കുന്ന ഒരു ധർമമാണ് നമ്മൾ യത്നിച്ച് എടുക്കേണ്ടത്. ഈ ധർമത്തിൽ നിങ്ങളോ നിങ്ങളുടെ കുഞ്ഞുങ്ങളോ അല്ലെങ്കിൽ നമ്മുടെ സമകാലികന്മാരോ മാത്രം പോരാ. യുഗങ്ങളായി വന്നുപോയ തെറ്റിനെ എടുത്ത് മാറ്റാനുള്ള ബുദ്ധിയോടുകൂടിയുള്ള സന്താനപ്രയോഗമാണ് നമുക്ക് ആവശ്യം. അത് എങ്ങനെയെന്ന് നമുക്ക് കാണിച്ചുതന്നിട്ടുമുണ്ട്. അത് കാണിച്ചുതന്നിട്ടുണ്ടെന്ന് പറഞ്ഞ് ചുമ്മാ എന്തെങ്കിലുമൊക്കെ പറഞ്ഞ് സമയം കളയേണ്ട കാര്യമൊന്നുമില്ല. എപ്പോഴും നമ്മൾ ജാഗ്രതയുള്ളവരായി മാറുക. ആ ജാഗ്രത നമ്മുടെ പാരമ്പര്യത്തിനുവേണ്ടി സൂക്ഷിച്ചുവയ്ക്കുന്ന ഒരു സത്യമായിട്ടു മാറണം. അപ്പോൾ ഈ സത്യത്തെ നമ്മൾ എന്തുചെയ്യും? എങ്ങനെ എടുക്കും? നമ്മളിൽകൂടി അത് എങ്ങനെ ഈ നാടിനും രാജ്യത്തിനും പകരണം? അത് ജാതിയും മതവും വർഗവും തിരിഞ്ഞുനിന്ന് പേശി ദൈവത്തെ വിളിച്ച ആ കർമത്തിലേക്ക് പോകണമോ അതോ ഇത് ദൈവം നമുക്ക് എല്ലാപേർക്കും വിധിക്കപ്പെട്ട് തന്നിട്ടുള്ള ഒരു വസ്തുതയാണ് എന്നറിയണമോ? ഇതിലേക്ക് നമ്മൾ വിശകലനം ചെയ്ത് എടുക്കുന്ന കർമത്തിലേക്ക് നമുക്ക് എങ്ങനെ എത്താം എന്നൊക്കെ നമ്മൾ ചിന്തിച്ച് പാഴായി സമയം കളയാതെ നമുക്ക് തന്നിരിക്കുന്ന അറിവിനെ മാത്രം പ്രയോഗിച്ച് പോവുക.

അത് എന്താണ്? നമ്മൾ സാധാരണ യോഗികളും കർമികളും ആയിട്ടൊക്കെ പറയുന്ന അല്ലെങ്കിൽ ജ്യോത്സ്യൻമാർ പോലും ഈ ദേവന്റെ കഥ പറഞ്ഞ് നമ്മളെ നേർച്ചകാഴ്ചകൊണ്ട് തൃപ്തിപ്പെടുത്തുന്ന ആ കർമത്തിൽ നിന്ന് നമ്മൾ മാറണമെങ്കിൽ നമുക്ക് എന്താണ് നമ്മുടെ കെടുതി, നമുക്ക് എന്താണ് അറിവില്ലായ്മ വന്നത്, ഈ അറിവില്ലായ്മയിൽ നമ്മൾ എവിടെ നില്ക്കുന്നു എന്നെല്ലാം നമുക്ക് ഉടനെ പറഞ്ഞുകിട്ടത്തക്ക ഒരു കർമ്മം ദൈവമായിട്ട് നമുക്ക് അനുവദിച്ചുകിട്ടിയിരിക്കുന്നു. പക്ഷെ ഇത്രയും വലിയ മഹദ്ഭാഗ്യമാണ് കിട്ടുന്നതെന്ന് നമുക്ക് അറിയാൻ വയ്യാത്തതുകൊണ്ട് നമ്മുടെ ഏറ്റവും കൊച്ചു കൊച്ചു മനസുകളായിട്ട് മാറി നിന്നുംകൊണ്ട് പൊരുതിയാൽ നമ്മൾ എവിടെ എത്തും? നമുക്ക് ഒന്നിലും എത്താൻ കഴിയില്ല.

അപ്പോൾ നമ്മുടെ ജീവൻ മാത്രമല്ല, കഴിഞ്ഞുപോയ ജീവൻ എവിടെയെല്ലാം നില്ക്കുന്നോ അവിടെയെല്ലാം നിന്ന് ആ ജീവന്റെ താപം ഏറ്റെടുക്കുകയല്ല നമ്മൾ വേണ്ടത്. ആ ജീവന്റെ താപനിലയെപ്പറ്റി നമ്മളാണ് ചിന്തിക്കേണ്ടത്. അതിന് ഒന്നും ചെയ്യാൻ കഴിയില്ല. അപ്പോൾ അത് ഈ ആരാധനാക്രമത്തിലും അല്ലാതെയും വന്നുപോയ ഏതെല്ലാം തരത്തിലുള്ള പ്രവാചകമാർഗമോ അല്ലെങ്കിൽ ദേവീദേവ സമ്പ്രദായത്തിലോ അല്ലെങ്കിൽ ത്രിമൂർത്തി സമ്പ്രദായത്തിലോ അതല്ല മന്വന്തരത്തിൽ വന്നുപോയ അനവധി കാലങ്ങളുടെ വെളിച്ചത്തിൽ വന്ന തെറ്റാണ്. ഇത് നമുക്ക് പറഞ്ഞുകിട്ടുകയാണ്. ഇതാണ് നമ്മുടെ വലുപ്പം.

## വചനദീപ്തി

**ഉദയാസ്തമയങ്ങളില്ലാതെ എന്നും പ്രകാശിക്കുന്നതാണ് ആത്മാവ്. അതിനെ അറിയാതെ ദേഹാദികളോട് ബന്ധപ്പെടുത്തിക്കൊണ്ട് നാം സ്വയം ജീവനാണെന്ന് ഭ്രമിച്ചുപോരുകയാണ്.**

**രമണ മഹർഷി**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ജൂലൈ 16 മുതൽ ജൂലൈ 22 വരെ*

| | |
|---|---|
| ഞായർ | - ശാന്തിഗിരി ജംഗ്ഷൻ |
| തിങ്കൾ | - ലക്ഷ്മിപുരം |
| ചൊവ്വ | - ആനന്ദപുരം |
| ബുധൻ | - ജനസേവികപുരം |
| വ്യാഴം | - രത്നഗിരി |
| വെള്ളി | - സ്നേഹപുരം |
| ശനി | - കാഞ്ഞാംപാറ |

## യാമപ്രാർത്ഥന

*2017 ജൂലൈ 20 വ്യാഴം*

**സ്നേഹപുരം, കാഞ്ഞാംപാറ, ജ്യോതിപുരം**

## ജന്മഗൃഹ തീർത്ഥയാത്ര

*2017 ജൂലൈ 31 തിങ്കൾ*

**പ്രകാശപഥം**

# ജീവന്റെ മോചനപ്രാപ്തി

നമ്മുടെ ഇന്ത്യയിൽ എന്നല്ല, ലോകത്തിന്റെ പല ഭാഗത്തും പല ആത്മീയ പ്രസ്ഥാനങ്ങളും ആത്മീയ സ്വഭാവങ്ങളും കാണും. അതൊക്കെ സത്യമെന്നും അസത്യമെന്നും വിചാരിക്കുന്നവരുണ്ട്. അങ്ങനെയല്ല. അതെല്ലാം അതിന്റേതായ തൂക്കത്തിൽ അത്രത്തോളം. അതിന്റെ വലുപ്പവും അങ്ങനെ തന്നെ. മറ്റൊന്ന്, ഭജനമഠം കഴിഞ്ഞ് ക്ഷേത്രവും ക്ഷേത്രം കഴിഞ്ഞ് ആശ്രമസ്വഭാവത്തിലും എത്തുമ്പോൾ ആ ആശ്രമത്തിൽ ഇരിക്കുന്ന ആൾ ഏതിനെയാണ് പൂജിക്കുന്നത് അല്ലെങ്കിൽ എന്തിനെയാണ് ആ ആശ്രമത്തിൽ ഇരിക്കുന്ന മഠാധിപതി ആരാധിക്കുന്നതെന്ന് നാം ചിന്തിക്കണം. പിന്നെ ശാക്തേയം, ശൈവം, വൈഷ്ണവം അല്ലെങ്കിൽ അല്ലെങ്കിൽ നബി തിരുമേനിയുടെ വശവും അല്ലെങ്കിൽ കാരുണ്യവാനായ യേശുവിന്റെ വശവും ഇങ്ങനെ മഹാന്മാർ ഭൂലോകത്തിൽ ഏതെല്ലാം വിഭാവനം ചെയ്തുവന്നിട്ടുണ്ടോ അതെല്ലാം തന്നെ നാം അംഗീകരിച്ചും അംഗീകരിക്കാതെയും ഒക്കെ ചെയ്യുന്ന ഒരു ഭാഗം ഉണ്ട്. അതങ്ങനെയിരിക്കട്ടെ. നമ്മുടെ സ്വഭാവം അതല്ല. അതിനെയെല്ലാം സ്നേഹത്തോടുകൂടിയും അനുഭവത്തോടുകൂടിയും ആത്മസമർപ്പണത്തോടുകൂടിയും ആ ത്യാഗത്തെ കണ്ടിട്ട് ആ ത്യാഗം അനുഭവിച്ചറിയുകയാണ്. കാരണം 'സങ്കല്പമാത്രേണ പരമേശ്വരാ:' എന്നു പറയുന്ന ഭാഗം. ദർശനം എന്നു പറയുന്ന ഒരു സ്വഭാവമുണ്ട്. എന്താണ് ഈ ദർശനം? സ്ഥൂല-സൂക്ഷ്മകാര്യങ്ങളിലെ കാരണങ്ങൾ കണ്ടിട്ട്, ഇപ്പോൾ നീ എന്ത്, കഴിഞ്ഞുപോയതെന്ത്, ഇനി വരാനിരിക്കുന്നതെന്ത് എന്നു കണ്ടിട്ട്, ഈ ദേവന്റെ കീഴിലുള്ളതും ഋഷിയുടെ കീഴിലുള്ളതും അതല്ല, പേയ് മുതൽ യക്ഷി-ഗന്ധർവ-കിന്നരാദികളുടെ കീഴിലുള്ളതും അങ്ങനെ അവസ്ഥാന്തരങ്ങൾ കടന്നിട്ട് ഒരു സന്ന്യാസിയുടെ സ്വഭാവത്തിലെത്തണം. ഈ സന്ന്യാസി ഒരു ദേവന് അതീതനാണോ അതല്ല ഒരു ഋഷിക്ക് അതീതനാണോ അല്ലെങ്കിൽ ദേവൻ എവിടെ നില്ക്കുന്നു, ഋഷി എവിടെ നില്ക്കുന്നു, സന്ന്യാസി എവിടെ നില്ക്കുന്നു എന്ന് അനുഭവസിദ്ധാന്തം കൊണ്ട് അറിയണം. അതാണ് ഒരു ദീർഘദർശി. അത് കാലാനുസൃതമായ ധർമത്തിൽക്കൂടി പോയി ആ കാലത്തിനുതകുന്ന ധർമത്തിലാണോ താൻ പ്രവർത്തിക്കുന്നതെന്നും താൻ പ്രവർത്തിക്കുന്ന ഗൃഹസ്ഥാശ്രമസ്വഭാവം അതിനുപരിയാണോ അല്ലെങ്കിൽ അതിനുപയോഗിക്കുന്നതാണോ എന്നൊക്കെ നമ്മൾ ചിന്തിച്ചിട്ട് എനിക്കുപയോഗപ്പെടുന്നത് ഇന്നതാണ് അല്ലെങ്കിൽ എന്റെ കുട്ടികൾക്കും എന്റെ വീടിന്റെ നന്മയ്ക്കും എന്റെ കുടുംബത്തിന്റെ നന്മയ്ക്കും എന്റെ ഗോത്രത്തിന്റെ നന്മയ്ക്കും ഇന്നതാണ് കാലാനുസൃതമായ ധർമം എന്നു മനസിലാക്കി 'കലി ശൂദ്രങ്കൽ' എന്നു പറയുന്ന ഭാഗത്ത് ഈ ദേവനും ദേവിയും ഋഷിയും ജ്ഞാനിയും ഭക്തനും എവിടെ നില്ക്കുന്നു എന്നു കണ്ടിട്ടുപോകുന്ന ഒരു സ്വഭാവമുണ്ട്. അതിന്റെ 'പ്രത്യക്ഷാവഹം ധർമ്മം' എന്ന നിലയിലാണ് നാം പ്രവർത്തിച്ചെടുക്കേണ്ടത്.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ഗുരുവിൽ ലയിച്ചുചേർന്ന ഭാഗ്യവതി

## സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**നിസാരമെന്നു കരുതപ്പെടുന്ന നമ്മുടെ ജീവിതങ്ങൾക്ക് ഗുരുവിന്റെ പാത പിൻതുടരുമ്പോൾ അപാരമായ അർത്ഥവ്യാപ്തി കൈവരുന്നു. ഇതിന്റെ ഉത്തമ നിദർശനമാണ് ഇക്കഴിഞ്ഞ വെള്ളിയാഴ്ച ഗുരുജ്യോതിയിൽ ലയിച്ച സർവാദരണീയ ജനനി വിമല ജ്ഞാനതപസ്വിനിയുടെ ധന്യമായ ജീവിതം. കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു വണ്ടിച്ചക്രത്തിൽ പറ്റിയിരിക്കുന്ന മണൽത്തരിപോലെയാണ് ആശ്രമജീവിതം. ത്യാഗപൂർണമായ തന്റെ ജീവിതയാത്രയിലൂടെ അവസാനശ്വാസം വരെ ഗുരുസന്നിധിയിൽ കഴിഞ്ഞ് ഗുരുജ്യോതിയിൽ അണയാൻ ഭാഗ്യം സിദ്ധിച്ച സർവാദരണീയ ജനനി ഗുരുവാക്കുകളെ അന്വർത്ഥമാക്കുകയായിരുന്നു.**

ഓലക്കുടിലിന്റെ എളിമയിൽ ശാന്തിഗിരി ആശ്രമം സ്ഥാപിതമായതുമുതൽ ആശ്രമത്തിലെ വിവിധങ്ങളായ കർമങ്ങളിൽ ഏർപ്പെട്ടു പ്രവർത്തിക്കാനും ഗുരുധർമ്മപ്രകാശസഭയിൽ അംഗമായി സന്ന്യസ്തജീവിതം നയിക്കാനും കഴിഞ്ഞ വിമല ജനനിയുടെ ജീവിതം നമുക്കൊക്കെ മാതൃകയാവേണ്ടതാണ്.

തീരെ ചെറിയ പ്രായത്തിൽ തന്നെ ആശ്രമത്തിൽ മുറ്റമടിക്കാനും മറ്റുമായി സ്വമനസാലെ എത്തിയ ജനനിയോട് ഗുരു പറഞ്ഞു: *"കുഞ്ഞേ ഈ കർമ്മം ചെറുതാണെന്ന് വിചാരിക്കരുത്. സാധാരണ ഈ കുഞ്ഞുപ്രായത്തിൽ ആർക്കും തോന്നുന്ന കാര്യമല്ല ഇത്. ഈ കർമ്മം ചെയ്യുമ്പോൾ ഇങ്ങനെ സങ്കല്പിക്കണം - ഈ ചൂലിന്റെ ഓരോ ഈർക്കിലിനും ഒരായിരം പേർ വന്ന് ഈ കർമ്മം ചെയ്യണം. നമ്മുടേതല്ല, ലോകത്തിനുവേണ്ടി ചെയ്യുന്നതാണെന്നുള്ള അർപ്പണമനോഭാവത്തിൽ ചെയ്യണം."* ഗുരുവിന്റെ ഈ വാക്കുകളെ ജീവിതംകൊണ്ട് ഏറ്റെടുക്കുകയായിരുന്നു സർവാദരണീയ വിമല ജനനി.

ശാരീരികമായി അവശതയുണ്ടായിരുന്ന സമയത്തും പലവിധ ബുദ്ധിമുട്ടുകളും സഹിച്ചുകൊണ്ട് ആശ്രമകർമ്മങ്ങളിൽ ഏർപ്പെട്ടിരുന്ന ജനനിയെ നമുക്കെല്ലാവർക്കും പരിചയമുണ്ട്. സന്ന്യാസദീക്ഷവാർഷികത്തിന്റെ വ്രതസമയങ്ങളിൽ സന്ന്യാസിമാർക്ക് ഭക്ഷണം ഒരുക്കാനും



മറ്റുകാര്യങ്ങൾക്കും ജനനി മുൻകൈ എടുത്ത് പ്രവർത്തിച്ചിരുന്നു.

അഞ്ചര പതിറ്റാണ്ട് മാത്രം നീണ്ട ജനനിയുടെ ജീവിതം ഗുരുവിനെ മുൻനിർത്തിയുള്ളതായിരുന്നു. ആ ധന്യതയോടെ അതിനു പരിസമാപ്തി കുറിക്കാനും ജനനിക്കു ദൈവകൃപയുണ്ടായി. ആശ്രമത്തിൽ നടക്കുന്ന ഓരോ കർമ്മങ്ങളും തികച്ചും ദൈവനിശ്ചയമായി നടക്കുന്നു. അതാതുകാലത്ത് ദൈവം നിയോഗിക്കുന്ന വ്യക്തികൾ ഇതിന്റെ എല്ലാക്കാര്യങ്ങളും ഏറ്റെടുത്തു ചെയ്യുന്നു. അതിനുള്ള യോഗ്യത ഗുരു നല്കുന്ന കാരുണ്യം ഒന്നുമാത്രമാണ്. സ്ത്രീയെന്നോ പുരുഷനെന്നോ ഇന്നജാതിയെന്നോ മതമെന്നോ ഉള്ള വ്യത്യാസങ്ങളൊന്നും അതിനു മാനദണ്ഡമല്ല. സർവാദരണീയ വിമല ജനനിയുടെ ജീവിതം അതിനുതെളിവാണ്.

വണ്ടിച്ചക്രത്തിലെ ഒരു മണൽത്തരിയെപ്പോലെ അവസാനം വരെയും വിമല ജനനി പ്രസ്ഥാനത്തോട് ചേർന്നുനിന്നു. ഒരു വാക്കുകൊണ്ടുപോലും പ്രസ്ഥാനത്തെ തള്ളിപ്പറഞ്ഞില്ല. എല്ലാ മാറ്റങ്ങളെയും ഉൾക്കൊണ്ട് കൂടെ നിന്നു എന്നു പറയുന്ന അറിവ് ഗുരുവിനെ ഉൾക്കൊണ്ടതിനാലാണ്.

**'ഖഡ്ഗധാരയിലൂടെ കടന്നൊരീ യാത്ര' എത്രയോ ക്ലേശം എന്ന അഭിവന്ദ്യ ശിഷ്യപൂജിതയുടെ വാക്കുകൾ തുലനപ്പെടുത്തി നോക്കുമ്പോൾ ഒന്നുമാത്രമെ പറയുവാനുള്ളൂ. ഭാഗ്യവതി! ഗുരുവിന്റെ കൂടെ ആ കൈവിരൽത്തുമ്പിൽ തൂങ്ങി വളർന്ന് ഗുരുവിലേക്ക് ലയിച്ച് ചേർന്ന ഭാഗ്യവതി!! പ്രണാമം... പ്രണാമം... പ്രണാമം...**

# ഞാൻ തപസുചെയ്ത് നേടിയ ജീവിതം

*(2017 ജൂലൈ 14 ന് ഗുരുജ്യോതിയിൽ ലയിച്ച സർവാദരണീയ ജനനി വിമല ജ്ഞാനതപസ്വിനിയുടെ അനുഭവക്കുറിപ്പ്)*

ഞാൻ ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ചു വളർന്ന ആളാണ്. വിദ്യാഭ്യാസപരമായും ഭക്തിപരമായും വലിയ ഉയർച്ചയൊന്നും എന്റെ കുടുംബത്തിനില്ല. പ്രത്യേകമായി ഏതെങ്കിലും അമ്പലങ്ങളിലൊന്നും പോയി പ്രാർത്ഥിക്കുന്ന ഒരു രീതിയും ഞങ്ങൾക്കില്ലായിരുന്നു. സന്ധ്യക്കു നിലവിളക്കു കത്തിച്ചുവച്ച് അമ്മയും, ഞങ്ങൾ, പിള്ളേരും ഒരുമിച്ചിരുന്ന് നാമജപം നടത്തുന്ന പതിവുണ്ടായിരുന്നു. എന്റെ അച്ഛന്റെ അമ്മയ്ക്ക് ഒരു പ്രത്യേക ഗുണം ആദ്യകാലം മുതൽക്കേ ഉണ്ടായിരുന്നു- ഞായറാഴ്ച വ്രതമെടുത്ത് പൊങ്കാലയിടുന്ന പതിവ്. അന്നു ഞാൻ തീരെ കുട്ടിയായിരുന്നു. പൊങ്കാല ഇടുന്നതിനുപകരം അച്ഛമ്മ മറ്റൊരു കർമ്മം ചെയ്യാൻ എനിക്കു പഠിപ്പിച്ചുതന്നു. ഞായറാഴ്ചകളിൽ തെറ്റിപ്പൂവ് അർപ്പിച്ചിട്ട് സൂര്യനമസ്ക്കാരം ചെയ്യാൻ. ഇതു ഞാൻ ചെയ്തു തുടങ്ങുമ്പോൾ എനിക്ക് 8 വയസ്സു പ്രായം. എന്റെ വ്രതം മുടങ്ങാതിരിക്കുന്നതിന് അമ്മ എന്നെ വളരെ സഹായിച്ചു.

പൂജാദികാര്യങ്ങൾക്കുപയോഗിക്കാൻ ചാണകമെടുക്കാൻവേണ്ടി ഞാൻ പതിവായി ചിറ്റപ്പന്റെ വീട്ടിൽ പോകുമായിരുന്നു. ഒരുദിവസം ചിറ്റപ്പന്റെ മകൾ ഒരു പ്രത്യേക തരത്തിലുള്ള ആഹ്ലാദത്തോടെ എന്നോടു പറഞ്ഞു. വർക്കലയിൽ നിന്ന് 'ശാന്തിസ്വാമി' (ഗുരുവിനെ അന്ന് അങ്ങനെയാണ് നാട്ടുകാർ വിളിച്ചിരുന്നത്) അവരുടെ വീട്ടിൽ വന്നു എന്ന്. എനിക്ക് വളരെ സന്തോഷം തോന്നി. സ്വാമിയെ കാണാനുള്ള ഉത്സാഹത്തോടെ ഞാനും ചിറ്റപ്പന്റെ മകളും കൂടി വീട്ടിലേക്കു നടന്നു. അപ്പോൾ സ്വാമി തിണ്ണയിൽ നില്ക്കുകയായിരുന്നു. എന്നെക്കണ്ടയുടനെ ചിരിച്ചുതുളുമ്പുന്ന മുഖത്തോടെ കൈകാട്ടി വിളിച്ചു. കൈയിൽ ഇരുന്ന വട്ടി ഞാനറിയാതെ താഴെവീണു പോയി. ഞാൻ പതുക്കെപ്പതുക്കെ നടന്ന് സ്വാമിയുടെ അടുത്തുചെന്നു. സ്വാമി എന്റെ കൈയ്ക്കു പിടിച്ചിട്ട് വീടെവിടെ എന്നു ചോദിച്ചു. എനിക്ക് ഒരു മറുപടിയും പറയേണ്ടിവന്നില്ല. ചിറ്റപ്പൻ തന്നെ എല്ലാത്തിനും മറുപടി പറഞ്ഞു. ഈ സമയത്ത് എന്റെ ശരീരം ആകെ വിറയ്ക്കുന്നുണ്ടായിരുന്നു. അതു മനസ്സിലാക്കിയിട്ടു പറഞ്ഞു. 'ഇവളുടെ ശരീരം വിറയ്ക്കുന്നല്ലോ, കൊച്ചുമനസ്സാണ്', പിന്നെയും ഗുരു എന്തൊക്കെയോ പറഞ്ഞു. എനിക്ക് ഒന്നും ഓർമ്മിയില്ല. ഉടൻ തന്നെ ഗുരു അവിടെനിന്നും പോവുകയും ചെയ്തു.

അതിനുശേഷം എന്റെയുള്ളിൽ ഗുരുവിന്റെ മുഖം എപ്പോഴും പ്രത്യക്ഷമായി കാണുന്നതുപോലെ തോന്നി. ഒരു ദിവസം സ്കൂളിൽ പോയിട്ടുവന്നപ്പോൾ അമ്മ പറഞ്ഞു, സ്വാമി ആശ്രമത്തിൽ വന്നിട്ടുണ്ടെന്ന്, ഞങ്ങൾ എല്ലാവരും പെട്ടെന്നു തയ്യാറായി ആശ്രമത്തിൽ പോയി. എന്റെ ഓട്ടം കണ്ടിട്ടോ എന്തോ, ഗുരു നല്ലചിരിയും ചിരിച്ച് എന്നെ നോക്കുന്നു. എന്നിട്ടും ഞാൻ ഓട്ടം നിർത്തിയില്ല. ഗുരുവിന്റെ അടുത്തെത്തി പാദം നമസ്കരിച്ചു. എന്നെ ഗുരു കൈയിൽ പിടിച്ച് എഴുന്നേല്പിച്ചു. 'പതുക്കെ നടന്നുവന്നാൽ പോരായിരുന്നോ, നല്ലതുപോലെ വിയർക്കുന്നുണ്ടല്ലോ, അച്ഛൻ എവിടെ' എന്നു ചോദിച്ചു. ഞാൻ പറഞ്ഞു, 'അവരെല്ലാം ഒരുമിച്ചുവരും. ഞാൻ മുന്നേ ഓടി' ഇതു കേട്ടപ്പോൾ ഗുരുവിന് നേരത്തേ ഉണ്ടായിരുന്നതിനേക്കാൾ എന്നോടു സ്നേഹം കൂടി എന്നു തോന്നി. അതിനുശേഷം എല്ലാദിവസവും ഞാനും എന്റെ ജ്യേഷ്ഠൻ തങ്കപ്പനും മുടങ്ങാതെ ആശ്രമത്തിൽ വരുമായിരുന്നു. ആ പ്രദേശത്തുള്ള കുട്ടികളെ ഞങ്ങൾ കൂട്ടിക്കൊണ്ടുവരുമായിരുന്നു. വരുന്നില്ല എന്നു പറയുന്നവരോട്, പ്രസാദം കിട്ടും എന്നുപറയുമ്പോൾ അവർക്ക് വരാൻ ഉത്സാഹം കൂടി. ക്രമേണ വീടിനടുത്തുള്ളവർ ജാതിമതഭേദമില്ലാതെ ആശ്രമത്തിൽ വന്നുതുടങ്ങി. പലവിധ പിശാചുകൂടിയവരും ഭ്രാന്തുള്ളവരുമായ പലരെയും അന്ന് ആശ്രമത്തിൽ കൊണ്ടുവരുമായിരുന്നു. മറ്റെങ്ങും തീരാത്ത ഇത്തരം രോഗികളെയാണ് ഇങ്ങോട്ടു കൊണ്ടുവന്നിരുന്നത്. മൂന്നു ദിവസം, ഏഴുദിവസം, പതിനൊന്നുദിവസം ഈ ക്രമത്തിൽ, ദർശനമുള്ള ആൾ (പ്രസന്നൻ) നോക്കി നിശ്ചയിക്കുന്ന ദിവസം തന്നെ രോഗം തീർന്നിരുന്നു.



*ജനനി വിമല ജ്ഞാനതപസ്വിനി*
*കുടുംബാംഗങ്ങളോടൊപ്പം (ഫയൽഫോട്ടോ)*

ദിവസം ചെല്ലുന്തോറും പൈശാചികരോഗികളുടെ എണ്ണം വർദ്ധിച്ചുവന്നു. കിടക്കുന്നതിനുപോലും ആശ്രമത്തിൽ സ്ഥലമില്ലാതായിരുന്നു. അന്ന് ആശ്രമത്തിൽ മരുന്ന് ഒന്നും ഇല്ലായിരുന്നു. ആൾക്കാരുടെ അകമഴിഞ്ഞുള്ള പ്രാർത്ഥനയും തീർത്ഥവും ഭസ്മവും ഈശ്വരകാരുണ്യവുംകൊണ്ട് രോഗങ്ങൾ മാറിക്കൊണ്ടിരുന്നു. രാത്രിയും പകലും ഒരുപോലെ ആഹാരം പോലും ഉപേക്ഷിച്ചുകൊണ്ടാണ് ആളുകൾ പ്രാർത്ഥിച്ചിരുന്നത്.

വൈകുന്നേരത്തെ പ്രാർത്ഥനാസമയത്ത് ആശ്രമത്തിന്റെ മുമ്പിൽ ഒരു ചാർത്തുപോലെ കെട്ടിയിരുന്നതിൽ പാമ്പുകൾ വന്ന് തൂങ്ങിക്കിടക്കുമായിരുന്നു. പ്രാർത്ഥന തീരുമ്പോൾ, ആർക്കും ഒരു ശല്യവും ചെയ്യാതെ പാമ്പുകൾ പോവുകയും ചെയ്യുമായിരുന്നു.

അന്നൊക്കെ ഗുരു ആശ്രമത്തിൽ ഇല്ലാത്ത അവസരങ്ങളിൽ ആശ്രമകാര്യങ്ങൾ അച്ഛനെ ഏല്പിക്കുമായിരുന്നു. ഒരുദിവസം അച്ഛൻ വീട്ടിൽ വന്ന് അമ്മയോടു പറഞ്ഞു, ആശ്രമം അടിച്ചുവാരാൻ ഒരാളെ വേണമെന്ന്. ഇതുകേട്ടിട്ട് ഞാൻ പറഞ്ഞു, ആ ജോലി ഞാൻ ചെയ്തുകൊള്ളാമെന്ന്. അച്ഛൻ ആദ്യം വിസമ്മതിച്ചു. കാരണം ഞാൻ സമയത്തിനും ചിട്ടയ്ക്കും ചെയ്യാതെ പാപം പിടിച്ചുവയ്ക്കുമോ എന്ന ഭയമായിരുന്നു. അന്ന് എനിക്കുറക്കം വന്നില്ല. ആശ്രമത്തിൽ തൂക്കാൻ പോകണം. വെളുപ്പിന് പക്ഷികൾ ചിലയ്ക്കുന്നത് ഓർത്തുകിടന്നു. എണീറ്റു കതകു തുറന്നു നോക്കിയപ്പോൾ നല്ല നിലാവുണ്ട്. ഞാൻ കുളത്തിൽ ചെന്നുകുളിച്ച് തയ്യാറായി ആശ്രമത്തിൽ വന്നു. അന്ന് ഈ പ്രദേശം മൊത്തം കാടായിരുന്നു. അന്ന് പൂജ ചെയ്തിരുന്നത് എന്റെ ജ്യേഷ്ഠന്മാരായ തങ്കപ്പനും പ്രഭാകരനുമായിരുന്നു. അന്നുരാവിലെ 6 മണിയുടെ പൂജ കഴിഞ്ഞ് വന്നപ്പോൾ അവർ കാണുന്നത് എന്നെ. അവർ രണ്ടുപേരുംകൂടി എന്നോടുചോദിച്ചു. ഇത്രരാവിലെ എന്തിനുവന്നു എന്ന്. അപ്പോൾ ഞാൻ പറഞ്ഞു, തൂത്തുവാരാൻ. 'നിന്നെക്കൊണ്ടു പറ്റുമോ?' തങ്കപ്പൻ അണ്ണൻ എന്നോടു ചോദിച്ചു. അപ്പോൾ എനിക്കു സങ്കടം വന്നു കരഞ്ഞു. പിന്നെ അവർ ഒന്നും മിണ്ടിയില്ല.

അന്നുമുതൽ ആശ്രമം തൂക്കുകയും പാത്രം തേക്കുകയും ചെയ്യുന്നത് ഞാനായി. ഒരുദിവസം എനിക്കുതോന്നി, ഗുരു വരുന്നതുവരെ ഈ കർമ്മം ചെയ്യാൻ എന്നെക്കൊണ്ടു പറ്റുകില്ലായിരിക്കും. വേറെ ആളു വച്ചു ചെയ്യിക്കട്ടെ എന്നും ചിന്തിച്ചു. എന്നാൽ ചെയ്യാൻകഴിയാത്തതിൽ വേദനയുമുണ്ട്. അന്നു രാത്രി ഞാൻ ഒരു സ്വപ്നം കണ്ടു, ഗുരു വന്ന് എന്നോടുപറയുന്നു, 'കുഞ്ഞേ, ഈ കർമ്മം നീ തന്നെ ചെയ്യണം' എന്ന്.

പിറ്റേദിവസം ഞാൻ ആശ്രമത്തിൽ വന്നപ്പോൾ അന്നുവരെ എനിക്കു പരിചയമില്ലാതിരുന്ന ഒരു പ്രത്യേക സുഗന്ധം അനുഭവപ്പെട്ടു. മുറ്റത്ത് ആരെയും കാണുന്നുമില്ല. അല്പനേരം അവിടെനിന്നിട്ട് ചൂലെടുത്തു തൂക്കാൻ തുടങ്ങി. നിവർന്നുനോക്കിയപ്പോൾ കൊച്ചുപർണ്ണശാലയുടെ മുന്നിൽ ചിരിച്ച മുഖത്തോടെ ഗുരു എന്നെ നോക്കിനില്ക്കുന്നു. എന്നിട്ട് ഗുരു എന്നോടു ചോദിച്ചു, മോളേ, നീയാണോ ഇവിടം തൂക്കുന്നത്, ആരു പറഞ്ഞു ഇതുചെയ്യാൻ, അച്ഛൻ പറഞ്ഞോ എന്ന്, എന്നിട്ട് ഗുരു എന്നോടു പറഞ്ഞു, **'കുഞ്ഞേ ഈ കർമ്മം ചെറുതാണെന്നു വിചാരിക്കരുത്. ഈ കർമ്മം ചെയ്യുമ്പോൾ ഈ ചൂലിന്റെ ഓരോ ഈർക്കിലിനും ഒരായിരംപേർ വന്ന് ഈ കർമ്മം ചെയ്യണം എന്ന് സങ്കല്പിച്ചുകൊണ്ടു ചെയ്യണം. ഈ കർമ്മം നമുക്കുവേണ്ടിയല്ല, ലോകത്തിനുവേണ്ടിയാണ്. ഇതിൽ കൂടുതൽ പറഞ്ഞാൽ ഇപ്പോൾ നിനക്കു മനസ്സിലാവില്ല'.**

അക്കാലത്ത് എന്റെ അച്ഛന് കൂടെക്കൂടെ ഒരു വയറുവേദന വരുമായിരുന്നു. പ്രത്യേകിച്ച് ഒരു മരുന്നും കഴിക്കാതെതന്നെ ഗുരു കൊടുക്കുന്ന ഭസ്മവും തീർത്ഥവുംകൊണ്ട് രോഗം മാറിയിരുന്നു. കുറച്ചുദിവസം കഴിഞ്ഞ് അച്ഛന് മറ്റൊരസുഖം വന്നു, അടിവയറ്റിൽ നീരും മൂത്രതടസ്സവും. ആശുപത്രിയിൽ പോകാൻപോലും വയ്യാത്ത അവസ്ഥ. ഡോക്ടറെ വീട്ടിൽ ക്കൊണ്ടുവന്നു. ആവുന്നതുപോലെയെല്ലാം നോക്കി. പക്ഷെ ഫലമൊന്നുമുണ്ടായില്ല. അറിഞ്ഞയുടൻ ഗുരു ഭസ്മം കൊടുത്തയച്ചു. രോഗത്തിന് അല്പം ശമനം വന്നു. എങ്കിലും മൂത്രംപോയില്ല. രോഗനില വഷളായി. അച്ഛന് എന്തെങ്കിലും സംഭവിക്കും എന്ന നിലയായി. ബന്ധുക്കളും നാട്ടുകാരും അറിഞ്ഞുവന്ന്, ചുറ്റുംനിന്ന് കരഞ്ഞു. എനിക്കപ്പോൾ പ്രാർത്ഥിക്കണമെന്നുതോന്നി. ഞാൻ മാറിയിരുന്ന് പ്രാർത്ഥിച്ചു. അഞ്ചുമിനിട്ട് കഴിഞ്ഞപ്പോൾ ഗുരുവും വേറെ രണ്ടു പേരുംകൂടി വീട്ടിൽന്നു. എല്ലാവരും നിറഞ്ഞ കണ്ണുകളോടു ഗുരുവിനെ നോക്കി. ഒന്നും ആരും പരസ്പരം മിണ്ടുന്നില്ല. വീട് നിശ്ചലമായി, ഗുരു അച്ഛന്റെ അടുത്തുവന്നു നിന്നു. അച്ഛൻ വിതുമ്പലോടെ ഗുരുവിനെ നോക്കി തൊഴുതു. ഗുരു മടിയിൽവച്ചിരുന്ന ഭസ്മം എടുത്ത് വായിലും ശരീരം മൊത്തവും ഇട്ടുകൊടുത്തു. എല്ലാവരോടും പ്രാർത്ഥിക്കാനും പറഞ്ഞു. എല്ലാവരും നൊന്തുപ്രാർത്ഥിച്ചു. ഗുരു അച്ഛന്റെ അടുത്തുവന്നുനിന്ന് സങ്കല്പിച്ചു. അഞ്ചുമിനിട്ട് കഴിഞ്ഞ് അച്ഛന് മൂത്രം തടസ്സമില്ലാതെ പോയി. എല്ലാവരും അതിശയിച്ചുപോയി.

ഇത്രയും നല്ല അനുഭവങ്ങൾ എന്റെ വീടിനുള്ളതാണ്. അവർക്ക് ഗുരുവിനോടും സ്ഥാപനത്തോടും സ്നേഹവുമുണ്ട്. പക്ഷേ ആശയത്തിന്റെ ആഴത്തോളം ഇഴുകിച്ചേരാനും എടുക്കാനും എന്റെ വീട്ടുകാർക്കു കഴിയുന്നില്ല. ഇതാണു ഭാഗ്യമില്ലായ്മ എന്നു പറയുന്നത്.

എസ്.എസ്.എൽ.സി. കഴിഞ്ഞപ്പോൾ ആശ്രമത്തിൽ നില്ക്കാൻ ഞാൻ ഗുരുവിനോടു അനുവാദം ചോദിച്ചു. അപ്പോൾ ഗുരു പറഞ്ഞു: 'കുഞ്ഞേ, നീ ചെറിയ കുട്ടിയല്ലേ, നീ ജീവിതത്തെക്കുറിച്ചു ചിന്തിക്കാറായില്ല. ആശ്രമം ജീവിതം വളരെ പ്രയാസമുള്ളതാണ്'. പിന്നെയും കുറേനാൾ കഴിഞ്ഞു. ഞാൻ വീട്ടുകാരെ ആശ്രമത്തിൽ നില്ക്കാനുള്ള എന്റെ ആഗ്രഹം അറിയിച്ചു. വീട്ടിൽ പലവിധത്തിലുള്ള അസൗകര്യങ്ങൾ ഉണ്ടായിരുന്നതിനാൽ അമ്മയ്ക്ക് അത്ര തൃപ്തിയായിത്തോന്നിയില്ല.

ഗുരു ശാന്തിഗിരി വിദ്യാഭവൻ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്ന സമയം. അന്നുരാത്രി ഗുരു എന്നെ വിളിപ്പിച്ചിട്ടു ചോദിച്ചു. കുട്ടികളെ നോക്കാൻ ആശ്രമത്തിൽ വന്നുനില്ക്കാമോ എന്ന്. അച്ഛനോടു ചെന്നുചോദിക്കാനും ഗുരു നിർദ്ദേശിച്ചു. അച്ഛനോടു ചോദിച്ചപ്പോൾ അനുവാദം തന്നു. അങ്ങനെ ഞാൻ തുടർച്ചയായി മൂന്നുമാസം ആശ്രമത്തിൽ നിന്ന് ഗുരു എന്നെ ഏല്പിച്ച കർമ്മം ചെയ്തു. അതിനുശേഷം എന്തൊക്കെ പ്രയാസങ്ങൾ വീട്ടിൽ ഉണ്ടായിരുന്നിട്ടും ഞാൻ വീട്ടിൽപ്പോകാൻ മടിച്ചു. അപ്പോൾ വീട്ടുകാർക്കൊരു സംശയം, ഞാൻ സ്ഥിരമായി ആശ്രമത്തിൽ നിന്നേക്കുമോ എന്ന്. അച്ഛൻ ഇടയ്ക്കിടയ്ക്കു വന്ന് എന്നെ വിവാഹം കഴിപ്പിച്ചയയ്ക്കുന്നതിനെക്കുറിച്ചു ഗുരുവിനോടു സംസാരിക്കുമായിരുന്നു. അപ്പോഴൊക്കെ ഗുരു എന്നെ വീട്ടിലേക്കു പറഞ്ഞുവിട്ടിരുന്നു. പക്ഷേ എനിക്കതു സമ്മതമായിരുന്നില്ല. ആശ്രമത്തിന്റെ ഒരു കോണിലെങ്കിലും ആശ്രമകർമ്മങ്ങൾ ചെയ്തു കഴിഞ്ഞുകൂടണമെന്ന ഒരു സങ്കല്പം കലശലായി എനിക്കുണ്ടായിരുന്നു. അപ്പോഴും വീട്ടുകാർ ഒരു ബന്ധത്തിൽ ഏർപ്പെടാൻ എന്നെ നിർബന്ധിച്ചു. ഞാൻ ഓരോ ഒഴികഴിവുകൾ പറഞ്ഞു. ഞാൻ ഗുരുവിനെ അഭയം തേടി.

*ശേഷം നാലാം പേജിൽ*

# ഈ വണ്ടിച്ചക്രത്തിൽ ഒരു മണൽത്തരിയായെങ്കിലും

**സ്പിരിച്വൽ സോൺ:** ഗുരുജ്യോതിയിൽ ലയിച്ച സർവാദരണീയ വിമല ജനനി രചിച്ച ‘ഈ വണ്ടിച്ചക്രത്തിൽ ഒരു മണൽത്തരിയായെങ്കിലും’ എന്ന പുസ്തകം ആശ്രമത്തിന്റെ ആദ്യകാലങ്ങളെക്കുറിച്ചുള്ള രേഖാചിത്രമാണ്. 1968 ൽ ഗുരു വർക്കല നിന്നും പോത്തൻകോട് എത്തിയപ്പോൾ മുതലുള്ള കാര്യങ്ങൾ ലളിതമായ ശൈലിയിൽ ആർക്കും മനസിലാകുന്ന വിധത്തിൽ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഓലക്കുടിലിന്റെ എളിമയിൽ തുടങ്ങിയ ശാന്തിഗിരിയെന്ന ദൈവത്തിന്റെ പ്രസ്ഥാനം ലോകവിസ്മയമായ വെണ്ണക്കല്ലിൽ തീർത്ത വെൺതാമര വരെ എത്തി പരിലസിച്ചു നില്ക്കുന്ന കാഴ്ച നമുക്ക് ഇതിൽ കാണാം.




നാല്പത് അദ്ധ്യായങ്ങളിലായി ആശ്രമത്തിന്റെ ലളിതമായ ചരിത്രം ഇതൾ വിരിയുകയാണ്. ബുദ്ധസന്ന്യാസിമാരുടെ സങ്കേതമായിരുന്ന ബൗദ്ധവൻകാട് എന്ന പോത്തൻകോടിന്റെ പൂർവ്വചരിത്രം പറഞ്ഞുതുടങ്ങുന്ന ഈ പുസ്തകത്തിൽ താൻ ആദ്യമായി ഗുരുവിനെ ദർശിക്കുന്ന അനുഭവം മുതൽ ശിഷ്യപൂജിത എത്തിച്ചേരുന്നതുവരെയുള്ള കാര്യങ്ങളാണ് ആദ്യപകുതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പിന്നീട് ഗുരു ആദിസങ്കല്പത്തിൽ ലയിക്കുന്നതും വെണ്ണക്കല്ലിൽത്തീർത്ത ഗുരുവിന്റെ പർണ്ണശാലയുടെ സമർപ്പണവും വരെയുള്ള കാര്യങ്ങളും പറഞ്ഞിരിക്കുന്നു.

“ഗുരുവിന്റെ ത്യാഗപൂർണ്ണമായ ജീവിതയാത്രകൾ മനസിലാക്കുവാൻ അറിവും പ്രാപ്തിയും ഇല്ലെങ്കിൽ പോലും കാണുവാനും അനുഭവിക്കാനും 1964 മുതൽ ദൈവം അവസരം തന്നു. ആശ്രമത്തിന്റെ അടുത്തു ജനിച്ച എന്റെ ജീവിതം അവസാനിച്ച് ഇവിടം വിടുന്നതിനു മുമ്പ് ഓർമ്മയിൽ വരുന്ന ഭാഗങ്ങൾ എവിടെയെങ്കിലും കുറിച്ചില്ലെങ്കിൽ അത് നീതികേടാവുമെന്ന് തോന്നി. ഒരു സാഹിത്യകൃതിയോ ചരിത്രകൃതിയോ വായിച്ച് രസിക്കുന്ന ഭാവത്തിൽ ഇതിനെ കാണരുത്. ശാന്തിഗിരി വളർന്നുകൊണ്ടേയിരിക്കുന്നു. ഓലക്കുടിലിന്റെ സ്ഥാനത്ത് വെണ്ണക്കൽ താമര ഉയർന്നിരിക്കുന്നു. ആയിരക്കണക്കിന് ആളുകൾ നമ്മുടെ ഓരോ സ്ഥാപനത്തിലേക്കും കർമ്മം ചെയ്യുവാൻ കടന്നുവരേണ്ടിയിരിക്കുന്നു. ഞങ്ങൾ നില്ക്കുന്ന സ്ഥലം എന്തായിരുന്നുവെന്നും ഇതിന്റെ പിന്നിൽ ഗുരു അറിയിച്ചിട്ടുള്ള സങ്കല്പം എന്തായിരുന്നു എന്നും ആദ്യകാലത്തെ തുടക്കം എങ്ങനെയായിരുന്നുവെന്നും ഇനി വരുന്ന മക്കൾക്ക് മനസിലാക്കുവാൻ അല്പമെങ്കിലും ഉതകണേ എന്ന പ്രാർത്ഥനയോടെ ഗുരുതൃപ്പാദങ്ങളിൽ ഈ കൃതി സമർപ്പിക്കുന്നു” എന്ന് സർവാദരണീയ വിമല ജനനി പുസ്തകത്തിന്റെ ആമുഖത്തിൽ എഴുതിയിരിക്കുന്നു.

2011ഫെബ്രുവരിയിലാണ് ഈ പുസ്തകത്തിന്റെ ആദ്യപതിപ്പ് പുറത്തിറങ്ങിയത്. കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു വണ്ടിച്ചക്രത്തിൽ പറ്റിയിരിക്കുന്ന ഒരു മണൽത്തരി പോലെയുള്ള ആശ്രമജീവിതത്തിലെ സങ്കീർണ്ണതകളും സന്ദിഗ്ദ്ധതകളും ബോധ്യപ്പെടുത്തുന്ന ഈ പുസ്തകം ആത്മബന്ധുക്കൾക്ക് വായിക്കാനും സൂക്ഷിച്ചുവയ്ക്കാനും ഉത്തമമായൊരു സ്നേഹോപഹാരമാണ്.







## അറിയിപ്പുകൾ

നവീകരണം നടക്കുന്ന ഹെൽത്ത്കെയർ സോൺ പ്രാർത്ഥനാലയത്തിന്റെ മേൽക്കൂരയുടെ കോൺക്രീറ്റ് കർമ്മം ഇന്ന് രാവിലെ 8.30 മണിക്ക് നടക്കും. ആത്മബന്ധുക്കൾ ഈ കർമ്മത്തിൽ നേരിട്ടും പ്രാർത്ഥനകൊണ്ടും സഹകരിക്കണമെന്ന് ഓപ്പറേഷൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും അറിയിച്ചു.

ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗത്തിന്റെ റിസർച്ച് സോണിലെ നവീകരിച്ച ഓഫീസ് മന്ദിരത്തിന്റെ തിരിതെളിയിക്കൽ കർമ്മം ഇന്ന് രാവിലെ 10.00 മണിക്ക് നടക്കും.

## ഞാൻ തപസ് ചെയ്ത് നേടിയ ജീവിതം തുടർച്ച....

അപ്പോൾ ഗുരു പറഞ്ഞു: ‘നിനക്ക് ഏതു ജീവിതം വേണം, വേണ്ട എന്നു ചിന്തിക്കാൻ പ്രാപ്തിയായി. ജീവിതം നിന്റേതാണ്. വേറെ ആരും കൂടെ ഉണ്ടായിരിക്കുകയില്ല. ഇനി നീ ചിന്തിച്ചെടുത്തോളൂ. ആശ്രമജീവിതം മതിയെന്ന് പൂർണ്ണമായി ഉറപ്പിക്കാൻ കഴിയുമെങ്കിൽ അച്ഛനോട് പറഞ്ഞോളൂ’.

പിറ്റേദിവസം തീർപ്പെടുക്കാനായി ഞാൻ വീട്ടിൽ പോയി. ഞാൻ അച്ഛനോടും അമ്മയോടുമായി എന്റെ ആഗ്രഹമറിയിച്ചു. അപ്പോൾ അച്ഛൻ പറഞ്ഞു ‘ജീവിതം ഏതുവേണം എന്നു ചിന്തിക്കാൻ നിങ്ങൾ പ്രാപ്തരായി’. ഇതു പറയുമ്പോൾ അച്ഛന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ജീവിതത്തിൽ ആദ്യമായിട്ടാണ് അച്ഛൻ കരയുന്നതു ഞാൻ കണ്ടത്. എന്നിട്ട് അച്ഛൻ എന്നെയും കൂട്ടി ആശ്രമത്തിൽ വന്ന് ഗുരുവുമായി സംസാരിച്ചു. അവസാനം ആശ്രമജീവിതം നയിക്കാൻ തീരുമാനിക്കപ്പെട്ടു.

1984-ൽ ഗുരു സന്ന്യാസദീക്ഷ നൽകി. എനിക്കു നിയോഗമായിക്കിട്ടുന്ന കർമ്മം ഗുരുവിന്റെ വിശാലമായ ഉദ്ദേശ്യലക്ഷ്യത്തോളം ചെയ്തു മുന്നിലെത്തിക്കാൻ ഒരു സന്ന്യാസജീവിതം നയിക്കുന്ന എനിക്കു ബാധ്യതയുണ്ട്. എന്നാൽ അത്തരത്തിലുള്ള ഒരു പ്രവർത്തനശേഷി എനിക്കുണ്ടോ? ഇപ്പോഴും എനിക്കതിൽ സംശയമുണ്ട്. പക്ഷേ ഗുരുകാരുണ്യം കൊണ്ട് സർവതും നേടാനാകും എന്നാണ് എന്റെ അനുഭവവും പ്രതീക്ഷയും.

**(ഗുരുസപ്തതി പതിപ്പ് 1997)**

AISWARYA AGENCY
Poolanthara, Santhigiri - 695589
Ph : 9744152255, 9656311522, 9744159657
e mail : aishwaryaagencya@gmail.com


SUPER Gas ®
WORLD'S No.1 LPG COMPANY
ഗ്യാസ് കണക്ഷൻ ഉടൻ
LPG 4 Kg/ 12 Kg/17Kg

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala